**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 765** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>നദികളിൽ നിന്ന് മണൽ വാരുന്നതിനുള്ള അനുമതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നദികളിൽ നിന്ന് നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

**<u>മറുപടി:</u>** നദികളിൽ നിന്ന് നിയമപരമായ രീതിയിൽ മണൽ ഖനനം ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്.

**(ബി)** ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിലെ ചാലിയാർ, കടലുണ്ടി പുഴ എന്നീ നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാമോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) നിശ്ചിത നടപടിക്രമം പാലിച്ച് 10.01.2024 തീയതിയിലെ 3162/A1/2021/SEIAA പ്രകാരം എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റി (SEIAA) അംഗീകരിച്ചിട്ടുള്ളതാണ്. അംഗീകരിച്ച ഡി.എസ്.ആർ. ലാൻഡ് റവന്യൂ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 03.02.2024 തീയതിയിലെ ILDM/210/2023/E1 നമ്പർ പ്രകാരം ഐ.എൽ.ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയുടെ ഡി.എസ്.ആർ. ലാൻഡ് റവന്യൂ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ അധിക വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി മലപ്പുറം ജില്ലയുടെ ഡി.എസ്.ആർ പുന:പ്രസിദ്ധീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി (SEAC) നിർദ്ദേശിച്ച പ്രകാരം പുതുക്കിയ ഡി.എസ്.ആർ. ഐ.എൽ.ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ലഭ്യമാക്കുകയും ആയത് 06.12.2025-ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പുതുക്കിയ ഡി.എസ്.ആർ. ജില്ലയുടെ വെബ്സൈറ്റിലും, ഐ.എൽ.ഡി.എം. വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ മണൽ ലഭ്യത കണ്ടെത്തിയിട്ടുള്ള കടലുണ്ടി, ചാലിയാർ എന്നീ നദികളിൽ നിന്നുള്ള മണൽ ഖനനം പാരിസ്ഥിതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(സി)** ഇല്ലെങ്കിൽ കഴിഞ്ഞ പതിനൊന്ന് വർഷമായി നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽകാത്തതിനാൽ നദികളിൽ മണൽ തിട്ടകൾ രൂപപ്പെട്ട് ചെറിയ മഴയ്ക്കു തന്നെ നദികൾ

അപകടകരമാംവിധം നിറഞ്ഞു കവിഞ്ഞൊഴുകുന്നത് തടയുന്നതിനും ,അനധികൃത മണൽ കൊള്ള അവസാനിപ്പിക്കുന്നതിനും വേണ്ടി നിയമപരമായ രീതിയിൽ മണൽ വാരുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**